## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമങ്ങൾ

## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം

(ഹാജർ : സിദ്ധാർത്ഥൻ.എസ്.)

വിഷയം - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - മെക്കാനിക് തസ്തികയിലെ 2017 ലെ പൊതുസ്ഥലം മാറ്റം - സംബന്ധിച്ച്.

പരാമർശം -

1) ഈ കാര്യാലയത്തിലെ 06.03.2017 ലെ എസ്.എ (2) 2979/17 -ാം നമ്പർ സർക്കുലർ.
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ എറണാകുളത്തിന്റെ 13.02.2017 ലെ ഇ (2) 1340/17-ാം നമ്പർ കത്ത്.
3) പ്രിൻസിപ്പൽ കൃഷി ഓഫീസർ തിരുവനന്തപുരത്തിന്റെ 14.03.2017 ലെ ഇ (2) 1877/17-ാം നമ്പർ കത്ത്.
4) പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴയുടെ 06.05.2017 ലെ ഇ (2) 5206/2017-ാം നമ്പർ കത്ത്.
5) പ്രിൻസിപ്പൽ കൃഷി ഓഫീസർ കൊല്ലത്തിന്റെ 29.05.2017 ലെ ഇ (4) 5654/17-ാം നമ്പർ കത്ത്.

### ഉത്തരവ് നമ്പർ. എസ്.എച്ച് (1) 13224/17 തീയതി-05.06.2017.

പരാമർശം (1) പ്രകാരം 2017 ലെ പൊതുസ്ഥലംമാറ്റത്തിനായി പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ മെക്കാനിക് തസ്തികയിൽ പൊതുസ്ഥലംമാറ്റത്തിനായി പരാമർശം (2) പ്രകാരം എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ മെക്കാനിക് ശ്രീ.മണിക്കുട്ടൻ.ജെ.ബി. ആലപ്പുഴ ജില്ലയിലേക്കും പരാമർശം(3) പ്രകാരം തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിലെ മെക്കാനിക് ശ്രീ.എം. സുധീർകുട്ടി കൊല്ലം ജില്ലയിലേക്കും പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിട്ടുണ്ട്.

പരാമർശം(4) പ്രകാരം ആലപ്പുഴ ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ മെക്കാനിക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.ബാബുജോസഫ് എന്ന ജീവനക്കാരൻ ആലപ്പുഴ ജില്ലയിൽ ടി തസ്തികയിൽ 06.06.2011 മുതൽ സേവനമനുഷ്ഠിച്ച് വരുന്നതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ അറിയിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം കൊല്ലം ജില്ലയിലെ വെട്ടിക്കവല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഉദ്യോഗക്കയറ്റം ഉണ്ടായതുമൂലം മെക്കാനിക് തസ്തികയിൽ ഒരു തുറന്ന ഒഴിവ് ഉള്ളതായി കൊല്ലം പ്രിൻസിപ്പൽ കൃഷി ആഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് പൊതു സ്ഥലംമാറ്റത്തിന് അർഹരായ ജീവനക്കാരെ ചുവടെ വിവരിക്കും പ്രകാരം സ്ഥലംമാറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | പൊതുസ്ഥലംമാറ്റം നല്കി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ. മണിക്കുട്ടൻ.ജെ.ബി, മെക്കാനിക്ക്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മൂവാറ്റുപുഴ, എറണാകുളം. | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ (ശ്രീ. ബാബുജോസഫ്, മെക്കാനിക്കിന് സ്ഥലംമാറ്റം നല്കുന്ന ഒഴിവിൽ) |
| 2 | ശ്രീ.ബാബു.ജോസഫ്, മെക്കാനിക്ക്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ. | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മൂവാറ്റുപുഴ, എറണാകുളം.(ശ്രീ. മണിക്കുട്ടൻ.ജെ.ബി, മെക്കാനിക്കിന് സ്ഥലംമാറ്റം നല്കുന്ന ഒഴിവിൽ) |
| 3 | ശ്രീ.എം.സുധീർകുട്ടി, മെക്കാനിക്ക്, സ്റ്റേറ്റ് സീഡ് ഫാം, ചിറയിൻകീഴ്, തിരുവനന്തപുരം. | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, വെട്ടിക്കവല, കൊല്ലം (ഉദ്യോഗക്കയറ്റം മൂലമുണ്ടായ ഒഴിവിൽ) |

ബന്ധപ്പെട്ട മേലധികാരികൾ ടി ജീവനക്കാരെ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ജോലിയിൽ പ്രവേശിച്ച വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ (മേലധികാരി മുഖേന)

<u>പകർപ്പ്</u>:-

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, എറണാകുളം.
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ.
3) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം.
4) കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ.
5) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മൂവാറ്റുപുഴ.
6) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് സീഡ് ഫാം, ചിറയിൻകീഴ്.
7) കൃഷി ഡയറക്ടറുടെ സി എ.യ്ക്ക്.
8) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്.
9) സേവനപുസ്തകം (ബന്ധപ്പെട്ട ജീവനക്കാരുടേത്)
10) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.ടി.സെൽ, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)
11) കരുതൽ ഫയൽ 2017 /അധികം

എം. വി. ജെ. 13 05.06.2016.